"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജീവനക്കാര്യം -വയനാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീ. അനിൽ കുമാർ.കെ ഫയൽ ചെയ്തിട്ടുള്ള ഒ.എ. 1344/2025 കേസിന്മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.07.2025 തീയതിയിലെ അന്തിമ ഉത്തരവ നടപ്പാക്കി - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.3179/2025/H&FWD തീയതി,തിരുവനന്തപുരം, 17-10-2025

---

പരാമർശം:-

1. 22.05.2025 ലെ G.O(Rt)(1389)/2025/H&FWD
2. 30.05.2025 ലെ G.O(Rt)(1473)/2025/H&FWD
3. 03.07.2025 ലെ G.O(Rt)(1830)/2025/H&FWD
4. 21.07.2025 ലെ G.O(Rt)(2004)/2025/H&FWD
5. ശ്രീ. അനിൽകുമാർ.കെ സമർപ്പിച്ച 28/07/2025 ലെ അപേക്ഷ.
6. 29.07.2025 ലെ G.O(Rt)(2109)/2025/H&FWD
7. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.07.2025 തീയതിയിലെ ഒ.എ. 1344/2025 ന്മേലുള്ള അന്തിമ ഉത്തരവ്.
8. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.09.2025 തീയതിയിലെ ഇ.ഡി.3- 20544/2025/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീ. അനിൽ കുമാർ.കെ പരാമർശം (4) പ്രകാരമുള്ള അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ, പരാതിക്കാരനെ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഒഴിവിലേയ്ക്ക് പരിഗണിക്കാത്തതിനെതിരെയും പരാതിക്കാരൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള A7 നിവേദനം പരിഗണിക്കുന്നതുവരെ പ്രസ്തുത ഒഴിവ് നികത്തരുതെന്നും

ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ **OA 1344/2025** നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

(2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (7) പ്രകാരമുള്ള അന്തിമ ഉത്തരവിൽ, പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നിലവിലെ ഒഴിവ് നികത്തുന്നതിനു മുമ്പ് പരാതിക്കാരൻ സമർപ്പിച്ച **Annexure-A7** നിവേദനം പരിഗണിക്കുന്നതിനും പരാതിക്കാരനെ നേരിൽ കേട്ടശേഷം നിവേദനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ട് കേസ് തീർപ്പാക്കുകയുണ്ടായി.

(3) ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം തുടർനടപടി സ്വീകരിക്കുകയും പരാതിക്കാരനായ ശ്രീ.അനിൽ.കുമാർ.കെ, ആരോഗ്യ വകുപ്പ് ഡയറക്ടറെ പ്രതിനിധീകരിച്ച് ഹാജരായ സീനിയർ സൂപ്രണ്ട് ശ്രീമതി.ഷീല.എ, സീനിയർ ക്ലർക്ക് ശ്രീമതി.വിധുകുമാരി.സി എന്നിവരെ **11.09.2025** രാവിലെ **11** മണിക്ക് നേരിൽ കേൾക്കുകയുമുണ്ടായി.

(4) പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്ത പരാതിക്കാരൻ താഴെപ്പറയുന്ന വാദങ്ങളും ആരോപണങ്ങളും ഉന്നയിക്കുകയുണ്ടായി.

പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ലെ- സെക്രട്ടറി & ട്രഷറർ തസ്തികയിൽ ജോലിയിലിരിക്കെ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ സെലക്ട് ലിസ്റ്റിൽ **12**-ാം സ്ഥാനക്കാരനായ ശ്രീ. അനിൽ.കുമാർ.കെ തനിക്ക് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ പ്രമോഷൻ ലഭിക്കുന്ന സമയം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ **31.05.2025** ലെ വിരമിക്കൽ ഒഴിവിൽ നിയമിക്കണമെന്നഭ്യർത്ഥിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി.ശ്രീലത.കെ.ആർ ടി സെലക്ട് ലിസ്റ്റിലെ **2**-ാം സ്ഥാനക്കാരിയാണെങ്കിലും ടിയാളുടെ പേരിൽ അച്ചടക്ക നടപടിയുള്ള കാരണത്താൽ ശ്രീമതി.ശ്രീലത.കെ.ആർ-ന്റെ ജൂനിയർമാരായ മറ്റ് **7** പേർ ടിയാളെ മറികടന്ന് പ്രൊമോഷൻ നേടിയിട്ടുള്ളതാണ്. അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീമതി.ശ്രീലതയെ സസ്പെന്റ് ചെയ്തിരുന്നതുമാണ്. പക്ഷെ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ തസ്തിക ഒഴിച്ചിടുകയും പാലക്കാട് ജില്ലയിൽ നിയമിക്കണമെന്ന തന്റെ അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിലനിൽക്കെ, ആയത് പരിഗണിക്കാതെ, പ്രമോഷന് ഏറ്റവും യോഗ്യനായ തന്നെ വിവേചനപരവും നീതിയുക്തവുമല്ലാതെയും, സ്ഥലംമാറ്റ നിയമന അപേക്ഷകൾ പരിഗണിച്ചശേഷം മാത്രമേ ഉദ്യോഗക്കയറ്റ നിയമനങ്ങൾ നടത്താവൂ എന്ന കീഴ്വഴക്കം കണക്കിലെടുക്കാതെയും **31.05.2026** ൽ സർവ്വീസിൽ നിന്നു വിരമിക്കുന്ന തന്നെ വയനാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിയമിച്ചുവെന്നും പ്രസ്തുത പ്രവൃത്തി നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ തന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് വയനാട് നിന്നും പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് തന്നെ മാറ്റി നിയമിക്കണമെന്നും

വാദിക്കുകയുണ്ടായി. ടിയാനു ബോധിപ്പിക്കാനുള്ള കാര്യങ്ങൾ എഴുതി തയ്യാറാക്കിയും ഹാജരാക്കുകയുണ്ടായി.

(5) ആരോഗ്യ വകുപ്പ് ഡയറക്ടറെ പ്രതിനിധീകരിച്ച് ഹിയറിംഗിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ താഴെപ്പറയുന്ന കാര്യങ്ങളാണ് അറിയിച്ചത്.

ആരോഗ്യവകുപ്പിലെ സീനിയർ സൂപ്രണ്ട്/ലെ-സെക്രട്ടറി & ട്രഷറർ/ ജൂനിയർ അക്കൗണ്ട്സ് ഓഫീസർ/മാനേജർ തസ്തികയിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ സീനിയോരിറ്റി ലിസ്റ്റിൽ യഥാക്രമം റാങ്ക് നമ്പർ 5, 16 എന്നിങ്ങനെ ഉൾപ്പെട്ടിരുന്ന പാലക്കാട് ഒറ്റപ്പാലം താലുക്ക് ആസ്ഥാന ആശുപത്രിയിലെ ലെ-സെക്രട്ടറി & ട്രഷറർ ആയിരുന്ന ശ്രീമതി. ശ്രീലത.കെ ആർ, ആലത്തൂർ താലുക്ക് ആശുപത്രിയിലെ ലെ-സെക്രട്ടറി & ട്രഷറർ ആയിരുന്ന ശ്രീ. അനിൽകുമാർ.കെ. എന്നിവർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള 2025 സെലക്ട് ലിസ്റ്റിൽ യഥാക്രമം ക്രമനമ്പർ 2, 12 എന്നിങ്ങനെ ഉൾപ്പെട്ടിരുന്നു. ശ്രീമതി. ശ്രീലത കെ. ആർ, ടിയാളുടെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ 15.03.2025 മുതൽ 14.03.2026 വരെ താത്കാലികമായി റിലിങ്ക്വിഷ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നതും അപ്രകാരം അനുമതി നൽകിക്കൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ 2 ശ്രീമതി.ശ്രീലത.കെ.ആർ ഒഴികെ ക്രമനമ്പർ 7 വരെയുണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നതും പ്രസ്തുത സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്.

(6) താത്കാലിക റിലിങ്ക്വിഷ്മെന്റ് 01.06.2025 തീയതി പ്രാബല്യത്തിൽ പിൻവലിക്കുന്നതിനായി ശ്രീമതി.ശ്രീലത.കെ.ആർ അപേക്ഷ സമർപ്പിക്കുകയും അപ്രകാരം അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായിരുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റ പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികെ ശ്രീമതി. ശ്രീലത.കെ.ആർ -ന് എതിരായി അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നതിനാൽ ടിയാളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ ഉണ്ടായിരുന്ന 9 ഒഴിവുകളിൽ 8 ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നല്ലുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നതും പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്. അപ്രകാരം ശ്രീ.അനിൽകുമാർ.കെ-യെ വയനാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ നിയമിച്ചിരുന്നതും ടിയാൻ 28.07.2025 അപരാഹ്നം പ്രസ്തുത

തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നതുമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

ശ്രീമതി. ശ്രീലത.കെ.ആർ - ന്റെ പേരിലുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവായ മുറയ്ക്ക് തന്നെ ടിയാളെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുണ്ടായിരുന്ന പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിയമിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. അപ്രകാരം ടിയാൾക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവ് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും **30.07.2025** ന് പ്രസ്തുത ഉത്തരവ് ലഭിച്ചിരുന്നതും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ **30.07.2025** അപരാഹ്നം ശ്രീമതി. ശ്രീലത.കെ.ആർ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ശ്രീമതി. ശ്രീലത.കെ.ആർ - ന്റെ പേരിലുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവായശേഷം ടിയാളെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുണ്ടായിരുന്ന പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിയമിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. അപ്രകാരം ടിയാൾക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ട് പരാമർശം(6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും **30/07/2025** ന് പ്രസ്തുത ഉത്തരവ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നതും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ **30/07/2025** അപരാഹ്നം ശ്രീമതി. ശ്രീലത.കെ.ആർ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതാണ്.

സീനിയോറിറ്റി ലിസ്റ്റ് പ്രകാരവും സെലക്റ്റ് ലിസ്റ്റ് പ്രകാരവും ശ്രീ.അനിൽകുമാർ.കെ എന്നയാളിനെക്കാൾ സീനിയറായ ആളാണ് ശ്രീമതി. ശ്രീലത.കെ.ആർ. കുടാതെ ടിയാളുടെ വിരമിക്കൽ തീയതി **31.05.2027** ആണ്. അപ്രകാരം ടിയാൾ രണ്ട് വർഷത്തിനുള്ളിൽ സേവനത്തിൽ നിന്നും വിരമിക്കുന്നതാണ്. **28.07.2025** അപരാഹ്നം വയനാട് ജില്ലാ മെഡിക്കൽ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശേഷം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പ്രസ്തുത തീയതിൽ ശ്രീ. അനിൽകുമാർ.കെ സമർപ്പിച്ച അപേക്ഷ ലഭിക്കുന്നതിന് മുൻപ് തന്നെ ശ്രീമതി.

ശ്രീലത.കെ.ആർ, ലെ സെക്രട്ടറി & ട്രഷറർ - ക്ക് പാലക്കാട് ജില്ലയിലെ നിലവിൽ ഒഴിവ് ഉണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിരുന്നു. മേൽ സാഹചര്യത്തിൽ ശ്രീ. അനിൽകുമാർ. കെയുടെ **AnnexureA7** ഹർജി നിരസിക്കണമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു.

(7) ശ്രീ. അനിൽകുമാർ.കെയുടെ **Annexure A7** നിവേദനവും ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടും ഇരുഭാഗത്തെ വാദപ്രതിവാദങ്ങളും വിശദമായി അവലോകനം ചെയ്തു. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നിലവിലെ ഒഴിവ് നികത്തുന്നതിനു മുമ്പ് പരാതിക്കാരൻ സമർപ്പിച്ച **A7** നിവേദനം പരിഗണിക്കുന്നതിനും ടിയാനെ നേരിൽ കേട്ടശേഷം നിവേദനത്തിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമാണ് ബഹു.ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(8) ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവ് ലഭിക്കുന്നതിനു മുമ്പ് തന്നെ ശ്രീലത.കെ.ആർ-ന് സ്ഥാനക്കയറ്റം നൽകിക്കൊണ്ട് പരാമർശം **(6)** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും **30.07.2025** അപരാഹ്നം ശ്രീമതി. ശ്രീലത.കെ.ആർ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നതാണെന്നും സീനിയോറിറ്റി ലിസ്റ്റ് പ്രകാരവും സെലക്ട് ലിസ്റ്റ് പ്രകാരവും ശ്രീ.അനിൽകുമാർ.കെ - യെ ക്കാളും സീനിയർ ആയ ആളാണ് ശ്രീമതി. ശ്രീലത.കെ.ആർ. എന്നതിനാലും ടിയാളുടെ വിരമിക്കൽ തീയതി **31.05.2027** ഉം ടിയാൾ രണ്ട് വർഷത്തിനുള്ളിൽ സേവനത്തിൽ നിന്നും വിരമിക്കുന്നതാണെന്നതും വസ്തുതകളാണ്. ഈ സാഹചര്യത്തിൽ ഇപ്പോൾ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ തുടരുന്ന ശ്രീലത.കെ.ആർ-ന് അപ്രകാരം തുടരുന്നതിനും ശ്രീ.അനിൽകുമാർ.കെ സമർപ്പിച്ച **Annexure A7** നിവേദനം നിരസിച്ചുകൊണ്ട് തീർപ്പാക്കിയും ബഹു.ട്രൈബ്യൂണലിന്റെ **30.07.2025** ലെ ഉത്തരവ് നടപ്പാക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**PADMASEKHAR P**
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. അനിൽ കുമാർ.കെ,അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജില്ലാ മെഡിക്കൽ

ഓഫീസ്, വയനാട് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/ആഡിറ്റ്, കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ ഡിവിഷൻ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (ഈ ഉത്തരവ് കേരള സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari I. S
സെക്ഷൻ ഓഫീസർ
Date: 17-10-2025 11:52:51

**<u>മേലെഴുത്ത് നമ്പർ. ആ.വ.ഡ./20544/2025 - ഇഡി3, തീയതി : 21/10/2025</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Sheela A
Date: 21-10-2025 14:3[illegible]:24

സീനിയർ സൂപ്രണ്ട്
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി